# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1716** — 16.03.2015 ലെ മറുപടിക്ക്

## കരമന – കളിയിക്കാവിള ദേശീയപാതാ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി : | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിനായി ഭൂമി വിട്ടുകൊടുത്ത ഭൂവുടമകൾക്ക് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകി കെട്ടിടനിർമ്മാണ അനുമതി ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) & (ബി)<br>1999 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം 3 സി(ബി) പ്രകാരം ഒരു പൊതു ആവശ്യത്തിന് ഗവൺമെന്റിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ ഗവൺമെന്റ് ഏജൻസിക്കോ സ്ഥലം വിട്ടുകൊടുക്കുന്നപക്ഷം വിട്ടുകൊടുത്ത സ്ഥലത്തിന് ആനുപാതികമായി ഇളവ് നൽകുവാൻ ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച് സർക്കാരിന് തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിനായി ഭൂമി വിട്ടുകൊടുത്ത ഭൂവുടമകൾക്ക് കെട്ടിടനിർമ്മാണത്തിന് ഇളവ് നൽകുന്ന കാര്യം കെ.എം.ബി.ആർ.1999 പ്രകാരം പരിശോധിച്ച് അഭിപ്രായം അറിയിക്കാൻ ചീഫ് ടൗൺ പ്ലാനർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ